"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)- കൊച്ചി നഗരസഭാ പരിധിയിലുള്ള ജി.സി.ഡി.എ വക 70സെന്റ് സ്ഥലത്ത് പ്രീഫാബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് FACT-RCF Building Products Ltd (FRBL) എന്ന കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനം മുഖേന ഭവന സമുച്ചയം നിർമ്മിച്ച് പി&റ്റി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1926/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/09/2019**

പരാമർശം:- 1 സ.ഉ (സാധാ) നം. 2862/2018/തസ്വഭവ തീയതി. 08.11.2018

2 സ.ഉ(സാധാ) നം. 1454/2019/തസ്വഭവ തീയതി 11.07.2019

3 സ.ഉ(പി) നം.77/2019/ധന തീയതി 04.07.2019

4 ജി.സി.ഡി.എ, സെക്രട്ടറിയുടെ 07.08.2019ലെ 9947/ഇ1/2018/ജിസിഡിഎ നമ്പർ കത്ത്.

5 ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ 31.08.2019ലെ LM/EW/GCDA/2018 നമ്പർ കത്ത്.

### ഉത്തരവ്

സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, കൊച്ചി നഗരസഭ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നം.485, 488 എന്നിവയിലുൾപ്പെട്ട വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാല് നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് കൊച്ചി പി & റ്റി കോളനിയിലെ 8 5 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ടി ഭൂമിയുടെ ഉടമസ്ഥത ജിസിഡിഎ യിൽ നിലനിർത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പരാമർശം 1 പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുള്ളതാണ്.

2. മേൽ പദ്ധതിക്ക് വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)സമർപ്പിച്ച 15,84,50,000/- (പതിനഞ്ച് കോടി എൺപത്തിനാല് ലക്ഷത്തി അൻപതിനായിരം) രൂപയുടെ പ്രൊപ്പോസലിന് പരാമർശം 2 പ്രകാരം ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജി.സി.ഡി.എയുടെ എഞ്ചിനീയറിംഗ് പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അതേ നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകേണ്ടതാണെന്നും മേൽ ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു.

3 . ഭരണാനുമതി ലഭിച്ച മുറയ്ക്ക്, Glass Fibre Gypsum Board Panel ഉപയോഗിച്ചുള്ള നിർമ്മാണം പരിഗണിയ്ക്കണമെന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ പരാമർശം 3ലെ ഉത്തരവ് പ്രകാരം Accredited Agencyകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട

FACT-RCF Building Products Ltd (FRBL)നെ മേൽ പ്രവൃത്തിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും മേൽ ഉത്തരവിൽ FRBL പോലുള്ള Accredited Agency മുഖേന ചെയ്യുന്ന സ്പെഷ്യൽ വർക്കിന് സർക്കാർ തലത്തിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കണമെന്ന് പരാമർശിച്ചിട്ടുള്ളതായും നിലവിൽ ജിസിഡിഎയിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് സാങ്കേതിക വിഭാഗം മേധാവിയെന്നും ഏകദേശം 15 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന മേൽ പദ്ധതിയുടെ സാങ്കേതികാനുമതി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കി ഉത്തരവ് നൽകണമെന്നും ജിസിഡിഎ, സെക്രട്ടറി പരാമർശം 4ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.ജി.സി.ഡി.എ വിഭാവനം ചെയ്തിരിക്കുന്ന പ്രീ ഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള മേൽ പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിന് ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് സാങ്കേതികാനുമതി നൽകുവാൻ ചുമതലപ്പെടുത്തുന്നതിലേക്ക് ആവശ്യമായ പ്രപ്പോസൽ പരാമർശം 5ലെ കത്ത് പ്രകാരം ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം 3ലെ സർക്കാർ ഉത്തരവിന്റെയും പരാമർശം 5ലെ ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ ജി.സി.ഡിഎ പ്രീ ഫാബ് ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവനസമുച്ചയ നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകുന്നതിന് ചുവടെ ചേർക്കുന്നവരെ ഉൾപ്പെടുത്തി ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

**ചെയർമാൻ**– ശ്രീ. എംവി.രാജൻ, ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

**കൺവീനർ**– ശ്രീമതി. ആർ. ശ്രീദേവി, സിവിൽ എഞ്ചിനീയർ, ലൈഫ് മിഷൻ

**അംഗങ്ങൾ**– ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ/ പ്രതിനിധി (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പദവിയിൽ കുറയരുത്), പി.ഡബ്ല്യൂഡി (ഇലക്ട്രിക്കൽ)

ശ്രീ. ജെബി ജോൺ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജി.സി.ഡി.എ

ശ്രീ. ബിജു. വി, അസിസ്റ്റന്റ് പ്രൊഫസർ, CET

ഹിന്ദുസ്ഥാൻ പ്രീഫാബ് ലിമിറ്റഡിൽ നിന്നുമുള്ള സാങ്കേതിക വിദഗ്ദൻ (ഡപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) പദവിയിൽ കുറയരുത്)

ശ്രീ. ബിനീഷ്, ഡപ്യൂട്ടി പ്രൊജക്ട് മാനേജർ, FRBL

ശ്രീ. മാത്യു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പ്രീ ഫാബ് ടെക്നോളജി വിദഗ്ധൻ), KSEB

ശ്രീ. അഖിൽ ഹരി, അസിസ്റ്റന്റ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്

ശ്രീമതി. ഗീതു പ്രശാന്ത്, സിവിൽ എഞ്ചിനീയർ, ലൈഫ് മിഷൻ

File No.LSGD-DB1/299/2019-LSGD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫന്
ജോയിന്റ് സെക്രട്ടറി

പകർപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം

ചെയർമാൻ, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

വ്യക്തികൾക്ക് ( ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുഖേന)

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം

ധനകാര്യ വകുപ്പ്.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ